പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3258 21.08.2017-ലെ മറുപടിക്ക്

## സുശീൽഖന്ന റിപ്പോർട്ട്

ചോദ്യം: ശ്രീ.കെ.എം.ഷാജി

ഉത്തരം: ശ്രീ. തോമസ് ചാണ്ടി (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സിയിൽ നിയമനങ്ങൾക്ക് നിലവിൽ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | പ്രൊഫ.സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. കോർപ്പറേഷന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ.സുശീൽ ഖന്ന പ്രാഥമിക ശുപാർശകൾ സമർപ്പിച്ചിരുന്നു. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ദേശീയ ശരാശരിയിലേക്ക് മെച്ചപ്പെടുത്തുന്നതിനും, വരുമാന വർദ്ധനവിനും, ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുന്നതിനും, ബസ് സ്റ്റാഫ് അനുപാതം നിലവിലുള്ള 8.7 ൽ നിന്നും ദേശീയ ശരാശരിയായ 5.5 നെക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിൽ എത്തിക്കുവാനും പ്രൊഫ. സുശിൽ ഖന്ന ശുപാർശ ചെയ്തിട്ടുണ്ട്. ബസ് - സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയായ 5.5 എന്നതിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചു വരികയാണ്. നിലവിലെ ജീവനക്കാർക്ക് ശമ്പളവും, പെൻഷൻകാർക്ക് പെൻഷൻ പോലും നൽകുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ പുതിയ നിയമനം കെ.എസ്.ആർ.ടി.സി.യുടെ |

| | | | |
|---|---|---|---|
| | | | നിലനിൽപ്പിനെ തന്നെ ബാധിക്കുന്നതാണ്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ബസ് – ജീവനക്കാരുടെ അനുപാതത്തിന്മേൽ പഠനം നടത്തി നിലവിലെ ഒഴിവുകളുടെ സാധുത പരിശോധിച്ച് മാത്രമേ പുതിയ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | സുശീൽ ഖന്ന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | പ്രൊഫ.സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**